# <u>തായിലാണ്ടിലെ ആദരണീയയായ രാജകുമാരി മഹാ ചക്രി സിരിന്ധോണ്  ഔദ്യോഗിക സന്ദര്ശനത്തിനു ഇന്ത്യയില് എത്തുന്നു</u>

ഫെബ്രുവരി 26, 2014

തായിലാണ്ടിലെ ആദരണീയയായ രാജകുമാരി മഹാ ചക്രി സിരിന്ധോണ്  ഔദ്യോഗിക സന്ദര്ശനത്തിനു ഇന്ത്യയില് എത്തുന്നു . ഫെബ്രുവരി 23 - 24 , 2014 തീയതികളില് ആണ് സന്ദര്ശനം . ന്യൂഡെല്ഹിയില് ഇതും മുന്പേ   ബീഹാറിലെ നളന്ദ, ബോധഗയ , നാഗാലണ്ടിലെ കൊഹിമ എന്നിവിടങ്ങള് രാജകുമാരി  സന്ദര്ശിച്ചു . സംസ്കൃതം , പാലി ഭാഷകളില് നിപുണയാണ്  അവര് . മുന്പു പല വട്ടം ഇന്ത്യ സന്ദര്ശിച്ചിട്ടുണ്ട്

രണ്ടായിരത്തി പതിമൂന്നില് പ്രധാനമന്ത്രി ഡോ. മന്മോഹന് സിംഗ് തായ് ലാന്ഡ്  സന്ദര്ശിച്ചതും , രണ്ടായിരത്തി പന്ത്രണ്ടില് തായ് പ്രധാനമന്ത്രി ആദരണീയായ യിംഗ് ലക് ഷിനവത്ര ഇന്ത്യ സന്ദര്ശിച്ചതിനും ശേഷം ഇന്ത്യയിലേക്ക് തായ് ലാന്ഡില് നിന്നും ഉണ്ടാകുന്ന ഉന്നത തല സന്ദര്ശനമാണ്   രാജകുമാരി മഹാ ചക്രി സിരിന്ധോണിന്റെത്

സന്ദര്ശനത്തോട് അനുബന്ധിച്ച് തായിലാണ്ടിലെ ആദരണീയയായ രാജകുമാരി മഹാ ചക്രി സിരിന്ധോണ്  രാഷ്ട്രപതിന് ശ്രീ പ്രണബ് മുഖര്ജി , ഉപ രാഷ്ട്രപതി ശ്രീ ഹമീദ് അന്സാരി എന്നിവരുമായി കൂടിക്കാഴ്ച നടത്തും കേന്ദ്ര വിദേശകാര്യ മന്ത്രിന് ശ്രീ സല്മാന് ഖുര്ഷിദ് ആതിഥ്യമരുളുന്ന അത്താഴ വിരുന്നില് പങ്കെടുക്കുകയും ചെയ്യും .
സംസ്ക്കാരിക വിനിമയങ്ങളിലൂടെ ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളില് അടിസ്ഥാനപ്പെടുത്തി  ഇന്ത്യയും തായിലാണ്ടും

വളരെ അടുത്തതും സൌഹൃദമുള്ളതും ആയ പങ്കാളിത്തം ആണ് പങ്കു വയ്ക്കുന്നത് . ഇന്ത്യയുടെ കിഴക്ക് നോക്കല് നയവും തായിലാണ്ടിന്റെ പടിഞ്ഞാറ് നോക്കല് നയവും ചേര്ന്ന് പോകുന്നു എന്നത് കൊണ്ട് അടുത്ത കാലത്തായി പരസ്പരം താത്പര്യമുള്ള പ്രധാനപെട്ട മേഖലകളിലെ ഉഭയകക്ഷി സഹകരണത്തില് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട് . തെക്ക്, തെക്ക് കിഴക്കന് ഏഷ്യയെ ബന്ധിപ്പിക്കുന്ന മേഖല പങ്കാളികള് ആണ് രണ്ടു രാജ്യങ്ങളും . അതോടൊപ്പം ആസിയാന് , ഈസ്റ്റ് ഏഷ്യ സമ്മിറ്റ് ( EAS) , ബിംസ്ടെക് , മെകോംഗ് ഗംഗ സഹകരണം ( എംജിസി) , ഏഷ്യ കോ ഓപ്പറേഷന് ഡയലോഗ് (ACD) മറ്റു ചര്ച്ചാ വേദികള് എന്നിവയില് വളരെ അടുത്ത് പ്രവര്ത്തിക്കുന്നവരുമാണ്

ന്യൂഡെല്ഹി
ഫെബ്രുവരി 6, 2014